***‘CORRUPTION, A CRIME AGAINST NATION’***


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**

**തീയതി: 20..01..2023**

# “കൈക്കൂലി വാങ്ങുന്നതിനിടെ തഹസിൽദാർ വിജിലൻസ് പിടിയിൽ”

ഇടുക്കി, താലൂക്ക് തഹസിൽദാർ ജയേഷ് ചെറിയാൻ 10,000/-രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് പിടിയിലായി.

ഇടുക്കി, കാഞ്ചിയാർ സ്വദേശിയായ പരാതിക്കാരന്റെ മകന് വിദേശത്ത് ജോലിക്ക് പോകുന്നതിന് എംബസിയിൽ ഹാജരാക്കുന്നതിനായി 25,00,000/-രൂപയുടെ വരുമാന സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിരുന്നു. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ പതിനായിരം രൂപ കൈക്കൂലി നൽകണമെന്ന് തഹസിൽദാർ ആയ ജയേഷ് ചെറിയാൻ പരാതിക്കാരനോട് ആവശ്യപ്പെട്ടു. തുക കുറയ്ക്കണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടെങ്കിലും ജയേഷ് ചെറിയാൻ വഴങ്ങിയില്ല. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് ഈസ്റ്റേൺ റേഞ്ച് കോട്ടയം, പോലീസ് സൂപ്രണ്ട് ശ്രീ. വി.ജി. വിനോദ് കുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് ഇടുക്കി യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷാജു ജോസിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്നലെ (19.01.2023) രാത്രി ഒൻപതു മണിയോടെ ജയേഷ് ചെറിയാന്റെ കട്ടപ്പനയിലെ വീട്ടിൽ വച്ച് പരാതിക്കാരനിൽ നിന്നും 10,000/-(പതിനായിരം രൂപ) കൈക്കൂലി വാങ്ങവെ

വിജിലൻസ് സംഘം ജയേഷ് ചെറിയാനെ കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ ഇന്ന് (20.01.2023) കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, ഇടുക്കി യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഷാജു ജോസിനെ കൂടാതെ ഇൻസ്പെക്ടർമാരായ ടിപ്സൺ തോമസ്, മഹേഷ് പിള്ള, സബ് ഇൻസ്പെക്ടർമാരായ സ്റ്റാൻലി തോമസ്, സുരേഷ് കുമാർ ബി, ബേസിൽ പി. ഐസക്, എസ്.സി.പി.ഒ മാരായ സനൽ ചക്രപാണി, സന്ദീപ് ദത്തൻ, ജാൻസി.വി എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.